# പതിനാലാം കേരള നിയമസഭ
# അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 655 | 27/04/2017-ലെ മറുപടിയ്ക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ.രാമചന്ദ്രൻ | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പമന്ത്രി) |
| (എ) 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര തുക ചികിത്സാ സഹായമായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 23073 പേർക്കായി 45,99,28,104 രൂപ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്.<br>2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബജറ്റ് വിഹിതമായി അനുവദിച്ച 15 കോടി രൂപ 29614 പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്. |
| (ബി) അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങളാണ് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്ന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) കുടുംബത്തിലെ ഏകവരുമാനദായകന് അപകട മരണം സംഭവിച്ചാൽ കുടുംബത്തിലെ ആശ്രിതർക്ക് 50,000/-രൂപ ധസനഹായം നൽകി വരുന്നുണ്ട്. |
| (സി) പരമ്പരാഗത തൊഴിലിലേർപ്പെട്ടിരിക്കെ അപകടം സംഭവിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നതെന്ന് വിശദമാക്കുമോ? | പട്ടികജാതി വിഭാഗത്തിൽ അപകടത്തിൽ പ്പെടുന്നവർക്കും അസുഖ ബാധിതരായവർക്കും അർഹമായ ചികിത്സാ ധനസഹായം പട്ടികജാതി വകുപ്പമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നുണ്ട്.<br>പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാന സ്രോതസ്സായ അംഗം അപകടത്തിൽപ്പെട്ട് |

ചികിത്സയിൽ കഴിയുകയാണെങ്കിൽ ടിയാൾക്ക് 25,000/-രൂപ ധനസഹായം അനുവദിക്കുന്നു. കൂടാതെ അപകടത്തിൽപ്പെടുന്നവർക്കും അസുഖ ബാധിതരായവർക്കും അർഹമായ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

(ഡി) അർഹരായവർക്ക് ഇത് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി) പരമ്പരാഗത തൊഴിലിലേർപ്പെട്ടിരിക്കെ അപകടം സംഭവിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ/ഡയറക്ടർതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**